(ജി) യോഗ തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(എച്ച്) പഴയ പൈപ്പുകൾ മാറ്റി 53556 മീറ്റർ പുതിയ പി.വി.സി. പൈപ്പുകൾ മാറ്റി സ്ഥാപിച്ചു. നഗരത്തിൽ വിവിധ സ്ഥലങ്ങളിലായി ഒൻപത് കുഴൽ കിണറുകൾ സ്ഥാപിച്ചു. ജലശുദ്ധീകരണത്തിനായി എല്ലാ ടാങ്കുകളിലും ഗ്യാസ് ക്ലോറിനേറ്റർ സ്ഥാപിച്ചു. ഇതിലേക്കായി 130 ലക്ഷം രൂപ ചെലവായി.

പ്രവർത്തന രഹിതമായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

60 (285) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനരഹിതമായ വാട്ടർ മീറ്ററിന് പകരം പുതിയ മീറ്റർ വാട്ടർ അതോറിറ്റി തന്നെ സ്ഥാപിച്ചിട്ട് ഉപഭോക്താവിൽ നിന്ന് മീറ്റർ വിലയും ചെലവും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ജലത്തിന്റെ ഉപയോഗം കൃത്യമായി അറിയുന്നതിനും അതിന് അനുസരിച്ച് ചാർജ്ജ് ഈടാക്കുന്നതിനും സൗകര്യമാകുമാറ് ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) വാട്ടർ സപ്ലൈ റഗുലേഷൻ അനുസരിച്ച് പ്രവർത്തനരഹിതമായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ്. എന്നാൽ തൽക്കാലം വാട്ടർ അതോറിറ്റിയിൽ സ്റ്റോക്കുള്ള വാട്ടർ മീറ്ററുകൾ ഉപയോഗിച്ച് പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(ബി) കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ വാട്ടർ മീറ്ററുകൾ വാങ്ങുന്നതിനായി ഫണ്ട് മാറ്റി വയ്ക്കാൻ സാധിക്കുകയില്ല. ആയതിനാൽ തൽക്കാലം ഇത്തരം പദ്ധതി പരിഗണനയിലില്ല.

ഗ്രാമീണ ജലവിതരണവും പരിസര ശുചീകരണവും

61 (286) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണത്തിനും പരിസര ശുചീകരണത്തിനും വേണ്ടി ലോകബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര കോടി രൂപ അനുവദിച്ചു ; ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുക ;

(സി) സ്ത്രീ ശാക്തീകരണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതികളുടെ നടത്തിപ്പിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണം, പരിസരശുചീകരണം എന്നിവയ്ക്കുവേണ്ടി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം 65.5 മില്യൺ (ഏകദേശം 300 കോടി രൂപ) അമേരിക്കൻ ഡോളർ ലോകബാങ്കിൽ നിന്നും 2001-2006 കാലയളവിൽ ലഭിക്കുന്നതാണ്.

(ബി) ലോകബാങ്കിൽ നിന്നും നാളിതുവരെ സഹായമൊന്നും ലഭിച്ചിട്ടില്ല. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഏകദേശം 10 കോടി രൂപ.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്†.

തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം

62 (287) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണ ശൃംഖലയിൽ നിന്നും വെള്ളം ലഭിക്കേണ്ട ഏതെല്ലാം പ്രദേശങ്ങളിലാണ് പകൽ സമയം വെള്ളം ലഭിക്കാതെ വരുന്നത് ;

(ബി) വെള്ളം ലഭിക്കാത്ത സന്ദർഭത്തിലും ശുദ്ധജലവിതരണ ശൃംഖലയിലെ വാട്ടർ ടാപ്പ് തുറക്കുമ്പോൾ വെള്ളത്തിനുപകരം വായു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നഗരത്തിന്റെ തെക്കൻ പ്രദേശമായ കൊഞ്ചിറവിള ഭാഗത്ത് പകൽ സമയങ്ങളിൽ വെള്ളം ലഭിക്കാതെ വരുന്നുണ്ടോ ;

(ഡി) ഈ പ്രദേശങ്ങളിൽ ഫ്ളോട്ടിംഗ് വാൽവ് സംവിധാനം ഘടിപ്പിച്ചിട്ടുള്ള സബ് വാട്ടർ ടാങ്കുകളിൽ വെള്ളമില്ലാത്തപ്പോൾ ശുദ്ധജലവിതരണ ശൃംഖലയിലെ വായു പുറത്തേക്ക് കടന്നുചെല്ലുന്നത് മുഖേന വെള്ളം എടുക്കാതെ തന്നെ മീറ്റർ പ്രവർത്തിക്കാറുണ്ടോ ;

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61(286)-ന്റെ ഉത്തരം ദയവായി കാണുക]

ശുദ്ധജലവിതരണം, പരിസരശുചീകരണം എന്നീ മേഖലകളിൽ ഗ്രാമീണ ജനങ്ങൾക്ക് ഇന്ന് ലഭ്യമായ സേവനത്തിന്റെ നിലവാരം ഉയർത്തുകയും അവർക്ക് ശുദ്ധജലലഭ്യത ഉറപ്പുവരുത്തുകയും ശുചിത്വനിലവാരം ഉയർത്തുകയും വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതോടൊപ്പം തന്നെ, ഘടക പദ്ധതികളായി സ്ത്രീശാക്തീകരണം, ആരോഗ്യശുചിത്വബോധവൽക്കരണം എന്നിവ സംയോജിതമായി നടപ്പാക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്.

പൈലറ്റ് പദ്ധതി പ്രവർത്തനം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ മുണ്ടത്തിക്കോട്, എരിമയൂർ, നെടിയിരുപ്പ്, പൂക്കോട്ടൂർ, കുന്നുമ്മേൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ സമഗ്ര പ്രവർത്തനം ജനുവരി 2001ൽ തുടങ്ങി ഡിസംബർ 2006 ൽ പൂർത്തീകരിക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

പദ്ധതി ആസൂത്രണം, നിർവ്വഹണം, നടത്തിപ്പ്, ഉടമസ്ഥത എന്നിവ പൂർണ്ണമായും ഗുണഭോക്തൃ സംഘങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പ്രസ്തുത പദ്ധതി പൂർണ്ണമായ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഒന്നാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കാണ് പദ്ധതിയുടെ മേൽനോട്ടം. സന്നദ്ധ സംഘടനകൾ ഗുണഭോക്തൃസംഘങ്ങൾ പദ്ധതി ആവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതാണ്. സംസ്ഥാനതലത്തിൽ പ്രോജക്ട് മോണിറ്ററിംഗ് ഏജൻസിയും ജില്ലാതലങ്ങളിൽ ബന്ധപ്പെട്ട ജില്ലാതല PMU കളും പദ്ധതി നിർവ്വഹണത്തിലും മറ്റും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ഒരു Facilitator റുടെ പങ്ക് നിർവ്വഹിക്കുന്നതുമാണ്.

89 മില്യൺ അമേരിക്കൻ ഡോളർ ചെലവ് കണക്കാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക്, അതിന്റെ 75 ശതമാനം അതായത് 65.5 മില്യൺ ഡോളർ ലോകബാങ്കിൽ നിന്നും ലഭിക്കുന്നതാണ്. ഇത് സംബന്ധിച്ചുള്ള അവസാന ഘട്ടചർച്ചകൾ നടക്കുകയും തുടർന്ന് ലോകബാങ്കുമായി 2001 ജനുവരി 4 ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായി വരുന്ന ബാക്കി തുക സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, ഗുണഭോക്തൃസംഘങ്ങൾ എന്നിവ ചേർന്ന് സ്വരൂപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതിക്കാവശ്യമായ ജലസ്രോതസ്സുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി പദ്ധതി പ്രദേശങ്ങളിലെ ഭൂഗർഭജലം പരിശോധനാവിധേയം ആക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശം പ്രത്യാഘാത പഠനവിധേയമാക്കിയിട്ടുണ്ട്. ഉറവിടശോഷണം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള നീർമറി സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള പഠനവും നടത്തിയിട്ടുണ്ട്. ഇതിനുപുറമേ ഭൂഗർഭസ്രോതസ്സുകളുടെ ഉറവിടം നിശ്ചയിക്കുന്നതിനുമുമ്പ്, ഭൂഗർഭജലശാസ്ത്രജ്ഞന്മാരുടെ സേവനം വിനിയോഗിച്ച് വിദഗ്ദ്ധപഠനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ശേഷമേ സ്ഥാനനിർണ്ണയം നടത്തുകയുള്ളൂ. ഇതിനുശേഷം ഈ സ്ഥാനങ്ങളിൽ കുറഞ്ഞ വ്യാസത്തിൽ പരീക്ഷണ കിണറുകൾ നിർമ്മിച്ച് അവയുടെ ഉറവിടശേഷി ഉറപ്പ് വരുത്തിയതിനുശേഷമേ നിശ്ചിതവ്യാസമുള്ള കിണർ കുഴിക്കുകയുള്ളൂ. ഈ വസ്തുതകളുടെ വെളിച്ചത്തിൽ സുസ്ഥിരമായ സ്രോതസ്സുകളെ അവലംബമാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രധാനമായും അവരുടെ പദ്ധതിചെലവിന്റെ ഒരു നിശ്ചിത ശതമാനവും പ്രവർത്തന ചെലവ് പൂർണ്ണമായും വഹിക്കാനുള്ള സന്നദ്ധതയായിരിക്കും.

ഓരോ പദ്ധതിയുടേയും ചെലവിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ ഗുണഭോക്താവും നൽകേണ്ട തുക നിശ്ചയിക്കപ്പെടുക. സ്വാഭാവികമായി ഇത് വിവിധ പദ്ധതികൾക്ക് വെവ്വേറെയാകാനാണ് സാധ്യത.

അനുബന്ധം XV

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 77(302)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

തരൂർ പഞ്ചായത്തിലെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കൈതവാരത്തറ കോളനി, കഴുവിടമൂലകോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു.

പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 9 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ചു. ഇതേ പദ്ധതിയിൽപ്പെടുത്തി പുതിയ നാല് കുഴൽ കിണറുകളും (ഫിൽറ്റർ പോയിന്റ്) കുഴിച്ചു. പമ്പിംഗ് ലൈൻ സ്ഥാപിച്ച് ജലസ്രോതസ്സിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള പമ്പ് ഹൗസിന്റെ പണികൾ പൂർത്തിയായി. ഇത് ഉടൻതന്നെ പ്രവർത്തന ക്ഷമമാക്കുന്നതാണ്.

എഴുപുന്ന : പഞ്ചായത്തിൽ പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി കരിക്കണംചേരി, കുടപ്പുറം-കൊച്ചുപള്ളി, നരിയാണ്ടി എന്നീ കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു. മഠത്തിൽക്കാട് കോളനിയിലേയ്ക്കുള്ള ജലവിതരണത്തിനുള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തി ടി പദ്ധതിയിൽ പുരോഗമിച്ചു വരുന്നു. പ്രത്യേക ഘടകപദ്ധതിയിൽ തന്നെപ്പെടുത്തി തച്ച് വീട് കോളനിയിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ഏർപ്പാടാക്കിയിട്ടുണ്ട്. എഴുപുന്ന പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനായി രണ്ട് കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള അനുമതി പ്രത്യേക ഘടകപദ്ധതിയിൽ ലഭിച്ചിട്ടുണ്ട്. ഇതേ പഞ്ചായത്തിൽ 10-ാം വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണത്തിൽപ്പെടുത്തി കൊച്ചുവേളി കവലക്ക് പടിഞ്ഞാറുവശം പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly